പൊതു വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കണ്ടറി വിഭാഗം,
ഹൗസിങ്ബോർഡ്ബിൽഡിംഗ്,
തിരുവനന്തപുരം-1

നംബർ. **ICT Cell/1771/2/DGE-HSE/2024** **17/05/2024**

## സർക്കുലർ

**വിഷയം : സംസ്ഥാനത്തെ ഹയർസെക്കണ്ടറി സ്കൂളുകൾ (ഗവൺമെൻറ്/എയ്ഡഡ്/അൺ-എയ്ഡഡ്) പൊതുവിവരങ്ങൾ , അടിസ്ഥാന സൗകര്യ വിശദാംശങ്ങൾ -ഓൺലൈൻ സമർപ്പണം**

സംസ്ഥാനത്തെ വിവിധ ഹയർസെക്കണ്ടറി സ്കൂളുകളുടെ പൊതുവിവരങ്ങൾ, പ്രിൻസിപ്പാൾ ,ഹയർസെക്കണ്ടറി ഐറ്റി കോഡിനേറ്റർ (HITC) ,കരിയർ ഗൈഡൻസ്, സൗഹൃദ ക്ലബ് മുതലായ വിവരങ്ങൾ, മാനേജ്മെൻറ് വിശദാശംങ്ങൾ (എയ്ഡഡ്/അൺ-എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച്), വിവിധ കോഴ്സുകൾ അനുവദിച്ച ഉത്തരവുകളെ സംബന്ധിച്ച വിവരങ്ങൾ (ഒരു കോഴ്സ് കോമ്പിനേഷന്റെ ഒന്നിൽ കൂടുതൽ ബാച്ചുകൾ വ്യത്യസ്ത ഉത്തരുവുകളാൽ അനുവദിക്കപ്പെട്ടതാണെങ്കിൽ നിർദ്ദിഷ്ട ബോക്സിൽ കോമയിട്ട് വേർതിരിച്ച് ഉത്തരവ് നമ്പരും തീയതിയും രേഖപ്പെടുത്തണം) , ലാബുകൾ, കെട്ടിടങ്ങൾ ,ക്ലാസ്സ്മുറികൾ, ഫർണിച്ചറുകൾ , ലൈബ്രറി, ടോയ്ലറ്റ് സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ച വിശദാംശങ്ങളും ഓൺലൈനായി അപ്ഡേറ്റ് ചെയ്യണം.

അഡ്മിഷൻ വെബ്സൈറ്റായ www.hscap.kerala.gov.in ൽ സ്കൂൾ പ്രിൻസിപ്പൽമാർ **'അഡ്മിൻ'** യൂസറായി ലോഗിൻ ചെയ്ത് School Details Entry എന്ന ലിങ്കിലൂടെ വേണം പ്രസ്തുത വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കേണ്ടത്. സ്കൂളുകളെ സംബന്ധിച്ച് നിലവിൽ ലഭ്യമായ വിവരങ്ങൾ പ്രസ്തുത ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ വിവിധ ടാബുകളിലായി കാണാവുന്നതാണ്. ഒന്നാം ടാബിൽ ആവശ്യമുള്ള അപ്ഡേഷൻ നടത്തി സബ്മിറ്റ് ചെയ്യുമ്പോൾ രണ്ടാമത്തെ ടാബ് ആക്റ്റീവ് ആകുന്നതാണ്. മുൻപത്തെ പോലെ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത ശേഷം സബ്മിറ്റ് ബട്ടൺ ക്ലിക്ക് ചെയ്യണം. അവസാനത്തെ ടാബിലേയും വിവരങ്ങൾ സബ്മിറ്റ് ചെയ്താൽ മൊത്തം വിവരങ്ങൾ ഒരിക്കൽ കൂടി പരിശോധിച്ച് ആവശ്യമാണെങ്കിൽ തിരുത്തലുകൾ വരുത്തുന്നതിന് Edit ബട്ടൺ ക്ലിക്ക് ചെയ്യണം. ഏറ്റവും ഒടുവിൽ I agree എന്ന ചെക്ക് ബോക്സിൽ ക്ലിക്ക് ചെയ്ത് Final Confirmation ബട്ടൺ ക്ലിക്ക് ചെയ്തുകഴിഞ്ഞാൽ പ്രിൻറ് എടുക്കുന്നതിനുള്ള പേജ് ദൃശ്യമാകും.

ഓൺലൈൻ സമർപ്പണ സമയത്ത് തിരുത്തലുകൾ വരുത്തുവാൻ സാധിക്കാത്ത വിവരങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്ന ഫോറത്തിൽ രേഖപ്പെടുത്തി അനുബന്ധ രേഖകൾ സഹിതം **കോ-ഓർഡിനേറ്റർ, ഐ.സി.റ്റി. സെൽ(ഹയർസെക്കണ്ടറി വിദ്യാഭ്യാസം), എസ്.സി.ഇ.ആർ.റ്റി ഗസ്റ്റ് ഹൗസ് കാമ്പസ്, പൂജപ്പുര, തിരുവനന്തപുരം** -12 എന്ന വിലാസത്തിൽ **2024** 2024 മേയ് 24 ന് വൈകിട്ട് 5 മണിക്ക് മുമ്പായി ലഭിയ്ക്കത്തക്കവിധം തപാലിൽ അയക്കണം.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**അനുബന്ധം:**
**സ്കൂൾ വിവരങ്ങളുടെ തിരുത്തലുകൾക്കുള്ള അപേക്ഷ**

അനുബന്ധം:

(സ്കൂൾ വിവരങ്ങളുടെ തിരുത്തലുകൾക്കുള്ള അപേക്ഷ 2024)

District:

School Code:

School Name:

## Details of Data which require Correction

| ***Sl No.*** | ***Data as seen in the admission website*** | ***To be corrected as(**)*** |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |

**(**Attach supporting documents)**

Name & Signature of Principal:

Place:
Date: School Seal